## സർക്കുലർ

82/NSS/DHSE/2018 16/06/2018

കേരളത്തിലാകെ വായനയെ ജനകീയവൽക്കരിക്കാൻ സ്വജീവിതം സമർപ്പിച്ച ഡോ. പി. എൻ പണിക്കരുടെ ജന്മദിനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ വായനാവാരം സംഘടിപ്പിക്കുകയാണല്ലോ. ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമും 2018 ജൂൺ 19 മുതൽ ജൂലൈ 7 വരെ വായനാപക്ഷാചരണം സംഘടിപ്പിക്കുകയാണ്. ഇതിന്റെ ഭാഗമായി എല്ലാ എൻഎസ്എസ് യൂണിറ്റുകളിലും വായനാപക്ഷാചരണം സംഘടിപ്പിക്കേണ്ടതാണ്.

പുസ്തകോത്സവങ്ങൾ, പ്രഭാഷണങ്ങൾ, സെമിനാറുകൾ, വായനോത്സവങ്ങൾ തുടങ്ങിയവയിലേതെങ്കിലും ഓരോ യൂണിറ്റും നിർബന്ധമായും സംഘടിപ്പിക്കണം. ദത്തു ഗ്രാമത്തിലെ ലൈബ്രറികളിലോ, ലൈബ്രറി ഇല്ലാത്ത പക്ഷം യൂണിറ്റിനു സൗകര്യപ്രദമായ ഒരു ലൈബ്രറിയിലോ യൂണിറ്റംഗങ്ങൾ വായനാവാരത്തിൽ അംഗത്വം എടുക്കേണ്ടതാണ്. പുസ്തകങ്ങൾ പരമാവധി വായിക്കുകയും ആസ്വാദന കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്ന വിദ്യാർത്ഥികളെ യൂണിറ്റുതലത്തിൽ വർഷാവസാനം അഭിനന്ദിക്കേണ്ടതാണ്.

ക്ലാസ് ലൈബ്രറികൾ വിദ്യാർത്ഥികളുടെ വായനയെ നേരിട്ട് പ്രോത്സാഹിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നതിനാൽ പരമാവധി ക്ലാസ് ലൈബ്രറികൾ സ്ഥാപിക്കേണ്ടതാണ്. ഇതിനായി പുസ്തകങ്ങൾ ശേഖരിക്കുകയും സ്പോൺസർമാർ വഴി പുസ്തകങ്ങൾ കണ്ടെത്തുകയും ചെയ്യേണ്ടതാണ്.

പൊതുജനങ്ങളിൽ വായനാശീലം വളർത്തുന്നതുമായി ബന്ധപ്പെട്ട് യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ തുറന്ന ലൈബ്രറികൾ പൊതുഇടങ്ങളിൽ സ്ഥാപിക്കേണ്ടതാണ്. ഇത്തരത്തിൽ സ്ഥാപിക്കപ്പെട്ട ലൈബ്രറികളുടെ വിശദാംശങ്ങൾ ജൂലൈ പതിനഞ്ചിനകം എൻഎസ്എസ് സെല്ലിൽ അറിയിക്കേണ്ടതാണ്. മികച്ച രീതിയിൽ ടി പ്രവർത്തനം

സംഘടിപ്പിച്ച ജില്ല, പിഎസി, യൂണിറ്റ് എന്നിവയെ സംസ്ഥാനതലത്തിൽ ആദരിക്കുന്നതാണ്. മികച്ച വായനക്കാരെ കണ്ടെത്തി ജില്ലാതലത്തിൽ ആദരിക്കേണ്ടതാണ്.

വായനയ്ക്കുള്ള പ്രാധാന്യം യുവാക്കളിൽ കുറഞ്ഞുവരുന്ന ഇക്കാലത്ത് അക്ഷര വെളിച്ചം വിദ്യാർത്ഥികളിലെത്തിക്കാനും നമ്മുടെ സമൂഹത്തിലും ലോകത്താകെയും നടക്കുന്ന മാറ്റങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാനും വിദ്യാർത്ഥികളെ ഒരുക്കുന്ന ടി പ്രവർത്തനം വിജയിപ്പിക്കാൻ ഓരോ എൻഎസ്എസ് ചുമതലക്കാരും അവരവരുടെതലങ്ങളിൽ ഇടപെടേണ്ടതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ